## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 636 — 13.06.2012-ൽ മറുപടിക്ക്

### ആരോഗ്യ മേഖലയിൽ കേന്ദ്ര പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. അനവർ സാദത്ത്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. അച്ചുതൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ നവംബറിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഡൽഹി സന്ദർശനം മൂലം ആരോഗ്യമേഖലയിൽ ലഭിച്ച പദ്ധതികൾ ഏതൊക്കെയാണ് ; | എ) (i) ടെറിഷ്യറി ക്യാൻസർ സെന്റർ (ടി.സി.സി) സ്കീമിൽ ഉൾപ്പെടുത്തി മലബാർ ക്യാൻസർ സെന്ററിന് 4.8 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.<br>(ii) കേരളത്തിൽ നിന്നുള്ള 390 വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാവുന്ന തരത്തിൽ കോയമ്പത്തൂരിൽ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് സ്ഥാപിക്കാനുള്ള നിലപാട് കേന്ദ്ര സർക്കാർ എടുത്തിട്ടുണ്ട്.<br>(iii) കോഴിക്കോട് മെഡിക്കൽ കോളേജിന് പി.എം.എസ്. എസ്.വൈ. പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ബി) ഈ പദ്ധതികൾക്കായി എത്ര കോടി രൂപയുടെ കേന്ദ്ര ധനസഹായം ആണ് ലഭിക്കുന്നത്; | ബി) മലബാർ ക്യാൻസർ സെന്ററിനു വേണ്ടി 4.8 കോടി രൂപയുടെ കേന്ദ്ര ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| സി) ഈ പദ്ധതികൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) (i) മലബാർ ക്യാൻസർ സെന്ററിന് ടി.സി.സി. സ്കീം നടപ്പാക്കുന്ന തിനു വേണ്ടി 20% സംസ്ഥാന വിഹിതം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>(ii) പി.എം.എസ്.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സ്കീമിൽ സംസ്ഥാനവിഹിതം ലഭ്യമാക്കുമെന്ന് ഉറപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>(iii) കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രകാരം, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സഹായ നിർദ്ദേശം, എൻ.ആർ.എച്ച്.എം വാർഷിക അടങ്കൽ പദ്ധതി സംബന്ധിച്ച നിർദ്ദേശം തുടങ്ങിയവയുടെ പരിഷ്കരിച്ച നിർദ്ദേശം കേന്ദ്ര സർക്കാരിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ